LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര വിഹിതം

160 (2398) ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി വരുമാനത്തിന്റെ പകുതി സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിൽ കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ ജനസംഖ്യയോടൊപ്പം ജനസാന്ദ്രതയും കണക്കിലെടുത്ത് കൂടുതൽ കേന്ദ്ര വിഹിതം നൽകുന്നതിനായി നിവേദനം നൽകുമോ ;

(സി) കേരളത്തെ വികസിത സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനത്ത് അവരോധിച്ച രഘുറാം രാജൻ റിപ്പോർട്ടിലെ ശിപാർശകൾ യാതൊരുവിധ സഹായങ്ങൾക്കും ബാധകമാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ;

(ഡി) പ്രതിശീർഷ വരുമാനം കൂടിയ സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം കുറയുന്ന തരത്തിലുള്ള മാനദണ്ഡങ്ങൾ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) പതിനാലാം ധനകാര്യ കമ്മീഷൻ അതിന്റെ റിപ്പോർട്ട് ഇതുവരെ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തിന്റെ ജനസംഖ്യയോടൊപ്പം വനം, നഗരവത്ക്കരണം, വൃദ്ധജനസംഖ്യ, യഥാർത്ഥ ജനസാന്ദ്രത (effective density) തുടങ്ങിയ ഘടകങ്ങൾ കൂടി കണക്കിലെടുത്ത് കൂടുതൽ കേന്ദ്ര വിഹിതം നൽകണമെന്ന് സംസ്ഥാനം പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സഹായം സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നതിന് രഘുറാം രാജൻ റിപ്പോർട്ടിലെ ശിപാർശകൾ യാതൊരു കാരണവശാലും പരിഗണിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1-10-2013-ൽ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(ഡി) മുൻധനകാര്യ കമ്മീഷനുകൾ വരുമാന അകലം (പ്രതിശീർഷ സംസ്ഥാന വരുമാനം) നികുതി വിഭജനത്തിനുള്ള ഒരു മാനദണ്ഡമാക്കിയതും അതിന് ഉയർന്ന വെയ്റ്റേജ് നൽകിയതും പ്രതിശീർഷ വരുമാനം കൂടിയ കേരളം പോലുള്ള സംസ്ഥാനങ്ങളുടെ നികുതി വിഹിതം കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്. അതിനാൽ വരുമാന അകലത്തിനു പകരം ജനസംഖ്യയും മൊത്തം സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ സംസ്ഥാനത്തിന്റെ നികുതി വിഹിതവും തമ്മിലുള്ള വ്യത്യാസം (നികുതി കാര്യക്ഷമതാ അകലം) എന്ന മാനദണ്ഡം പരിഗണിക്കണമെന്ന് പതിനാലാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് കുറഞ്ഞ വെയ്റ്റേജ് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.